# പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.473 - 10/03/2015 - ലെ മറുപടിക്ക്*

*വികസന ചെലവിന്റെ സംസ്ഥാന ശരാശരി*

| ചോദ്യം<br><br>ശ്രീ. പുരുഷൻ കടലുണ്ടി | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വികസന ചെലവിനത്തിൽ സംസ്ഥാനം അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax - GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണം സംസ്ഥാനത്തിന് വികസന ചെലവിനായി കൂടുതൽ തുക വിനിയോഗിക്കാൻ സാധിക്കുന്നില്ല. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭീമമായ തുക വർഷം തോറും കൈമാറി കൊണ്ടിരിക്കുന്നതും (Devolving) ഇതിന് ഒരു കാരണമാണ്. എന്നിരുന്നാലും ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ ചെലവിനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുൻപന്തിയിലാണ്. |
| (ബി) ഇക്കാര്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണെന്ന് വിശദമാക്കുമോ ? | ആളോഹരി വികസന ചെലവിനത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് 22-ാം സ്ഥാനമാണുള്ളത്. |

*സെക്ഷൻ ഓഫീസർ*